"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ധനവകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ. അരുൺ കുമാർ ആർ. -നെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിൽ ഫിനാൻസ് മാനേജർ കം അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1446/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/08/2020

പരാമർശം:- 1 സർക്കുലർ നം.42/2013/ധന തീയതി 10.05.2013

2 സ.ഉ.(പി) നം.580/2013/ധന തീയതി 28.11.2013

3 സ.ഉ.(കൈ) നം.107/2019/ത.സ്വ.ഭ.വ തീയതി 22.08.2019

4 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 21.05.2020-ലെ 9833/ഇ.ജി.എസ്.ഡി/18/ആർ.ഇ.ജി.എസ് നമ്പർ കത്ത്

5 ധന (ഭരണം-എ) വകുപ്പ് 03.07.2020 ന് 1533765/ഭരണം-എ2/186/2020 നം. ഫയൽ പ്രകാരം ലഭ്യമാക്കിയ റിമാർക്സ്

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫിസർ (ഫിനാൻഷ്യൽ മാനേജ്മെന്റ്) തസ്തിക ഫിനാൻസ് മാനേജർ കം അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ എന്ന് പുന:നാമകരണം/ഭേദഗതി ചെയ്യും ശമ്പള സ്കെയിൽ 36600-79200 ആയി നിജപ്പെടുത്തിയും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ടി തസ്തികയിൽ നിയമനം നടത്തുന്നതിന് രണ്ട് തവണ അപേക്ഷ ക്ഷണിച്ചുവെങ്കിലും അനുയോജ്യരായ ഉദ്യോഗസ്ഥരെ ലഭിക്കാത്തതിനാൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ലെന്നും ടി സാഹചര്യത്തിൽ അനുയോജ്യനായ ഉദ്യോഗസ്ഥനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (4) പ്രകാരം മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ. അരുൺ കുമാർ ആർ.-നെ ടി തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം (5) പ്രകാരം ധനകാര്യ വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി. ടി ശുപാർശ പരിഗണിച്ച്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനിൽ നിലവിലുള്ള ഫിനാൻസ് മാനേജർ കം അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ തസ്തികയിലേക്ക്, പരാമർശം (2) സർക്കാർ ഉത്തരവിന് അനുസൃതമായി, ധനവകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ. അരുൺ കുമാർ ആർ.-നെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക്, കെ.എസ്.ആർ-ലെ ചട്ടം 140(സി)-യിലെ വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്: മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. അരുൺ കുമാർ ആർ., സെക്ഷൻ ഓഫീസർ, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (w.r.t. fille no. 1533765/ഭരണം-എ2/186/2020/ധന. തീയതി.03.07.2020)

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAMN
Date: 2020.08.04 14:01:38 IST
Reason: Approved

സെക്ഷൻ ഓഫീസർ